**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് -വിവിധ കാരണങ്ങളാൽ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ കുടിശ്ശികയായവർക്ക് പെൻഷൻ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ. (എംഎസ്) നം.174/2022/ധനം          തീയതി, തിരുവനന്തപുരം, 07/10/2022**

പരമർശം :- 1. സർക്കുലർ നം.62/2021/ധന, തീയതി 02.08.2021.

2. സർക്കുലർ നം.07/2022/ധന, തീയതി 09.02.2022

**ഉത്തരവ്**

പെൻഷൻ മസ്റ്ററിംഗ് ചെയ്യാത്തതിനാലും, ബാങ്ക് അക്കൗണ്ട് മാറിയതിനാലും മറ്റ് കാരണങ്ങളാലും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും സർക്കാർ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്യുന്ന വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളുടെയും കുടിശ്ശിക അനുവദിക്കണമെന്ന നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി.

2. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ച സാമൂഹിക പ്രതിബദ്ധത അനുവർത്തിച്ചാണ് വിവിധ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി പെൻഷനുകൾ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ സാഹചര്യത്തിൽ, മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക

വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ല എന്നും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി, കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളൂ എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ

ഇൻഫോർമേഷൻ കേരള മിഷൻ

ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ ) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം. E-2090072/എസ്.എഫ്.സി.ബി3/20/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ